**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ :2147** **18.07.2016 ലെ മറുപടിയ്ക്ക്**

"അദ്ധ്യാപക മേഖലയിൽ ഹിതപരിശോധന"

| **ചോദ്യം**<br>ശ്രീ.എം. വിൻസെന്റ് | **ഉത്തരം**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര അദ്ധ്യാപക സംഘടനകൾ ഉണ്ടെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ 29 അദ്ധ്യാപക സംഘടനകൾ പ്രവർത്തി-ക്കുന്നുണ്ട്. |
| (ബി), അദ്ധ്യാപക മേഖലയിൽ റഫറണ്ടം നടത്തുവാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;<br>(സി) റഫറണ്ടം നടത്തുവാൻ ഏന്തെങ്കിലും നിയമതടസ്സം ഉണ്ടോയെന്ന് വിശദമാക്കുമോ;<br>& (ഡി) റഫറണ്ടം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി), (സി) & (ഡി) അദ്ധ്യാപക സംഘടനകൾക്ക് അംഗീകാരം നല്കുന്നത് സംബന്ധിച്ച് 30.04.2011 ലെ ജി.ഒ.(പി)നം.99/11/പൊ.വി.വ ഉത്തരവ് പ്രകാരം റഫറണ്ടം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതി-നെതിരെയുള്ള ഡബ്ല്യു.പി.(സി) നം.17443/11 കേസ് ബഹു.ഹൈ-ക്കോടതിയുടെ പരിഗണനയിലാണ്. ഈ വിഷയത്തിൽ ബഹു.ഹൈക്കോടതി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ